/53198?9/2022

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

നം.ആർബി3/178/2020-തസ്വഭവ.
തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-06-2022

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ- തദ്ദേശസ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണം- ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നടത്തുന്ന നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത്- പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. 06/08/1999ലെ 33729/ഇ3/99/തസ്വഭവ നം. സർക്കുലർ.
2. ചീഫ് ടൌൺ പ്ലാനറുടെ 29.07.2021ലെ CTPVIG 21/2021 നമ്പർ റിപ്പോർട്ട്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാര പരിധിയ്ക്കുള്ളിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ സംഭവിക്കുന്ന ചട്ടലംഘനങ്ങളും, അനധികൃത നിർമ്മാണങ്ങളും തടയുവാനായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാല ങ്ങളിൽ സർക്കാർ പുറപ്പെടുവിക്കാറുണ്ട്. എന്നാൽ മിക്ക തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന പരാതികൾ, അവയുടെ അടിസ്ഥാനത്തിൽ നടത്തുന്ന അന്വേഷണ റിപ്പോർട്ടുകൾ എന്നിവ പരിശോധിക്കുമ്പോൾ ഇപ്പോഴും ഇത്തരം സർക്കാർ നിർദ്ദേശങ്ങൾ പലപ്പോഴും ലംഘിക്കുന്നതായി കണ്ടുവരുന്നുണ്ട്. നിലവിലെ സാഹചര്യത്തിൽ കേരളാ കെട്ടിട നിർമ്മാണചട്ടങ്ങളിലെ സുപ്രധാന ചട്ടങ്ങൾ പോലും പലതും ലംഘിച്ച് മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിർമ്മാണപ്രവൃത്തികൾ നടത്തുന്നതായി ചീഫ് ടൌൺ പ്ളാനർ (വിജിലൻസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വാണിജ്യകെട്ടിടങ്ങളിലും, ചില വാസഗൃഹങ്ങളുടേയും മറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട മുൻ വശത്തെ തുറസ്സായ സ്ഥലങ്ങൾ, മുൻകൂർ അനുമതിയില്ലാതെ ഇരുമ്പ് പൈപ്പ്, ലൈറ്റ് റൂഫിംഗ് ഷീറ്റ് എന്നിവ ഉപയോഗിച്ച് അനധികൃത ഷെഡ് നിർമ്മിച്ച് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതു വഴി കെട്ടിട നിർമ്മാണ ചട്ടപ്രകാരം റോഡിൽ നിന്നുമുള്ള അകലം, ലഭ്യമാക്കേണ്ടുന്ന പാർക്കിംഗ് ഏരിയ എന്നിവ ഇല്ലാതാകുന്ന സ്ഥിതി വിശേഷം ഉണ്ടാക്കുന്നു. ഇവ 2019 ലെ കേരളാ പഞ്ചായത്ത് /മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 4, 23, 26(1), 26(4), 29(2) എന്നിവയുടെ ലംഘനമാണ്. പ്രസ്തുത ചട്ടലംഘനങ്ങൾ നിലവിൽ സർവ്വ സാധാരണമായി കണ്ടു വരുന്നതും, ഇത്തരത്തിൽ ചട്ടങ്ങൾ ലംഘിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ കാരണം, കെട്ടിടത്തോട് അനുബന്ധിച്ചുള്ള പാർക്കിങ് സ്ഥലം നഷ്ടപ്പെടുന്നതിനും, അതുവഴി വാഹനങ്ങൾ സമീപ റോഡിൽ പാർക്ക് ചെയ്യുന്നതു മൂലം, ആയത് ഗതാഗതക്കുരുക്കിന് കാരണമാകുന്നു. അത്തരം അനധികൃത നിർമ്മാണങ്ങൾ കർശനമായും തടയേണ്ടുന്നതിനായി സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ളാനർ (വിജിലൻസ്) സർക്കാരിനോടാവശ്യപ്പെട്ടുകയുണ്ടായി.

തുറസ്സായ സ്ഥലം അനധികൃതമായി കെട്ടിയടച്ച് ഷെഡ് നിർമ്മിക്കുക, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നില നിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, എന്നിങ്ങനെയുള്ള പ്രവൃത്തികൾ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ അന്തസത്തയ്ക്ക് വിരുദ്ധമാണെന്നും, ആയത് നീക്കം ചെയ്യണമെന്നും ആവശ്യപ്പെട്ട് സൂചന (1) പ്രകാരം സർക്കാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും ഇത്തരം ചട്ടലംഘനങ്ങൾ സാധാരണമായ രീതിയിൽ നടക്കുന്നതായുള്ള ചീഫ് ടൗൺ പ്ളാനർ (വിജിലൻസ്) അറിയിച്ചത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നു. 2019 ലെ കേരളാ പഞ്ചായത്ത്/മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച്

നടത്തുന്ന അനധികൃത നിർമ്മാണ പ്രവൃത്തികൾ കർശനമായി തടയേണ്ടതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടെയായാലും അവയ്ക്ക് കേരളാ പഞ്ചായത്ത് /മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ടുന്ന തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയോഗിക്കുക, അതുവഴി പാർക്കിംഗ് ഏരിയ, റോഡിൽ നിന്നുമുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണ്. അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയേണ്ടതും, അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽ വരുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതുമാണെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സെക്രട്ടറിമാർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

BIJU PRABHAKAR
SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർമാർ (ചീഫ് ടൗൺ പ്ലാനർ മുഖേന).
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന.
✓എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Suja S K
Date: 21-06-2022 13:21:20
സെക്ഷൻ ഓഫീസർ